**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6311** **10-11-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിൽ തീരദേശ ഹൈവേയുടെ ഏതെല്ലാം റീച്ചുകൾക്കാണ് കിഫ്ബിയുടെ ധനാനുമതി ലഭിച്ചത്; എപ്പോഴാണ് ധനാനുമതി ലഭിച്ചതെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിൽ തീരദേശ ഹൈവേയുടെ ഭാഗമായ പാലക്കോട് മുതൽ കുന്നരു സിറ്റി (പയ്യന്നൂർ മണ്ഡലം) വരെയുള്ള 4.6 കി.മീ റോഡിന് 30.10.2020 ൽ സ്ഥലമേറ്റെടുക്കു ന്നതുൾപ്പെടെ 34.71 കോടിയുടെ സാമ്പത്തി കാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ കെ.ആർ.എഫ്.ബി.-പി.എം.യു. കണ്ണൂർ ഡിവിഷൻ കൈക്കൊണ്ടുവരുന്നു. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായ ശേഷം സാങ്കേതിക അനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയ്ക്ക് ശേഷം സാങ്കേതിക അനുമതി നൽകുന്നതാണ്. |
| (ബി) | ഡി.പി.ആർ. തയ്യാറാകാത്ത റീച്ചുകളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; ഡി.പി.ആർ. ധനാനുമതിക്കായി എപ്പോൾ സമർപ്പിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (ബി) | കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേ തുടങ്ങുന്ന മാഹി പാലം മുതൽ പാണ്ഡ്യാലക്കടവ് വരെയുള്ള 64.5 കി.മീ ൽ 4.6കി.മീ നു കിഫ്ബിയുടെ സാമ്പത്തി കാനുമതി നൽകിയിട്ടുണ്ട്. ഇതിനു പുറമെ NHAI യുടെ പോർട്ട് കണക്ടിവിറ്റി പദ്ധതിയിൽ ഉൾപ്പെടുന്ന 18.9 കി.മീ ഭാഗവും ഒഴികെയുള്ള 45.6 കി.മീ ഭാഗത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിന് RFP ക്ഷണിക്കുകയും സാങ്കേതിക പരിശോധനയ്ക്ക് ശേഷം 30.10.2021 ന് Financial Bid തുറക്കുകയും ചെയ്തു. തുടർന്ന് കൺസൾട്ടന്റിനെ തിരഞ്ഞെ ടുക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഡി.പി.ആർ തയ്യാറാക്കുന്നതിന് കൺസ ൾട്ടൻസിക്ക് 24 ആഴ്ചയാണ് സമയപരിധി നിശ്ചയിച്ചിട്ടുള്ളത്. നിശ്ചയിച്ച സമയപരിധി ക്കുള്ളിൽ ഡി.പി.ആർ ലഭ്യമാക്കി സാമ്പത്തി കാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. |
| (സി) | പയ്യന്നൂർ മണ്ഡലത്തിൽ തീരദേശ ഹൈവേയുടെ ഭാഗമായി വരുന്ന പാലങ്ങളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; പ്രവൃത്തി എപ്പോൾ ടെണ്ടർ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | പയ്യന്നൂർ മണ്ഡലത്തിൽ തീരദേശ ഹൈവേയുടെ ഭാഗമായി രണ്ടു പാലങ്ങൾ ആണുള്ളത്. 1) പയ്യന്നൂർ മണ്ഡലത്തെയും കല്ല്യാശ്ശേരി മണ്ഡലത്തെയും ബന്ധിപ്പിക്കുന്ന നീരോഴുക്കുംചാൽ പാലം. 2) |

| | | | |
|---|---|---|---|
| | | | പയ്യന്നൂർ മണ്ഡലത്തെയും തൃക്കരിപ്പൂർ മണ്ഡലത്തെയും ബന്ധിപ്പിക്കുന്ന രണ്ടു തെങ്ങു പാലം (പാണ്ഡ്യാലക്കടവ് പാലം) മേൽപ്പറഞ്ഞ രണ്ടു പാലങ്ങളിൽ നീരോഴുക്കും‌ചാൽ പാലത്തിന്റെ ഡി.പി.ആർ തിരഞ്ഞെടുക്കുന്ന കൺസൾട്ടന്റ് മുഖേന തയ്യാറാക്കുന്നതാണ്. രണ്ടു തെങ്ങു പാലത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നത് കെ.ആർ.എഫ്.ബി. - പി.എം.യു. കാസറഗോഡ് ഡിവിഷനാണ്. രണ്ടു തെങ്ങു പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി ഡിസൈൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഡിസൈൻ പൂർത്തിയായി ഡ്രോയിങ് ലഭിക്കുന്ന മുറയ്ക്ക് ഡി.പി.ആർ തയ്യാറാ ക്കുന്നതാണ്. പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കി ലഭിക്കുന്ന മുറയ്ക്ക് കിഫ്ബിയ്ക്ക് സാമ്പത്തികാനുമതിയ്ക്കായി സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ